ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എൻ.പി.എസ്.-ൽ ജീവനക്കാരിൽനിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ മാച്ചിംഗ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 4-6-2015 വരെ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് 60.90 കോടി രൂപ ഒടുക്കിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ. നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്.

ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുള്ള പണിമുടക്ക് നോട്ടീസ്

14 (2828) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശമ്പളപരിഷ്കരണം അടിയന്തരമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് വിവിധ സർവ്വീസ് സംഘടനകൾ അനിശ്ചിതകാല പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ ; പണിമുടക്ക് ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. ശമ്പള പരിഷ്കരണ റിപ്പോർട്ട് 10-7-2015-ന് തന്നെ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

15 (2829) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly